"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസം - ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ വരുന്ന സ്ഥാപനങ്ങളിലെ അച്ചടി ജോലികൾ സി-ആപ്റ്റിന് നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.1140/2023/HEDN തീയതി,തിരുവനന്തപുരം, 26-07-2023

---

പരാമർശം:-

1. G.O.(Rt) No.1697/2003/H.Edn. തീയതി 27.11.2003.
2. G.O.(Ms) No.231/2011/H.Edn. തീയതി 22.09.2011.
3. G.O.(Rt) No.316/2012/H.Edn. തീയതി 15.02.2012.
4. G.O.(Rt) No.1600/2019/H.Edn. തീയതി 02.09.2019.
5. സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറുടെ 28.02.2020-ലെ സി-ആപ്റ്റ്/1435/10/മാർക്കറ്റിംഗ് നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) - ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്കും, സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റിതര സ്ഥാപനങ്ങൾക്കും, ക്വട്ടേഷൻ ക്ഷണിക്കാതെ തന്നെ, സർക്കാർ അംഗീകൃത നിരക്കിൽ പാഠപുസ്തകങ്ങളുടെ പ്രിന്റിംഗ് ഉൾപ്പെടെയുള്ള വിവിധ അച്ചടി ജോലികൾ നിർവ്വഹിക്കുന്നതിനായി കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്റ്റ്) -നെ ഏൽപ്പിക്കാമെന്ന് ഉത്തരവായിരുന്നു.

2. പരാമർശം (2) - ലെ സർക്കാർ ഉത്തരവ് പ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങളിലെ അച്ചടി ജോലികൾ നിർവഹിക്കുന്നതിന് സി-ആപ്റ്റിനെ ചുമതലപ്പെടുത്താമെന്നും നിർദ്ദേശം നൽകിയിരുന്നു. പരാമർശം (3), (4) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സി-ആപ്റ്റിലെ വിവിധ അച്ചടി ജോലികളുടെ നിരക്കും നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

3. പരാമർശം (5) - ലെ കത്ത് പ്രകാരം ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലെ മുഴുവൻ സ്ഥാപനങ്ങളുടെയും അച്ചടി ജോലികൾ സി-ആപ്റ്റിനെ ഏൽപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സർക്കാർ സ്ഥാപനങ്ങൾക്കും, സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റിതര സ്ഥാപനങ്ങൾക്കും, ക്വട്ടേഷൻ ക്ഷണിക്കാതെതന്നെ സർക്കാർ അംഗീകൃത നിരക്കിൽ വിവിധ അച്ചടി ജോലികൾ നിർവ്വഹിക്കുന്നതിനായി സി-ആപ്റ്റിനെ ഏൽപ്പിക്കാമെന്ന് മേൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ, നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളുടെ അച്ചടി ജോലികൾ സി-ആപ്റ്റ് മുഖേന നിർവ്വഹിക്കേണ്ടതാണ് എന്ന നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജുകുമാർ എൻ
ജോയിന്റ് സെക്രട്ടറി

1. ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനമേധാവികൾക്കും.
2. മാനേജിംഗ് ഡയറക്ടർ, സി-ആപ്റ്റ്, തിരുവനന്തപുരം.
3. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, I&PRD.
4. നോഡൽ ഓഫീസർ, വെബ്സൈറ്റ്, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (K3/123/2020-HEDN).

ഉത്തരവിൻ പ്രകാരം

Signed by
Geetha P S
Date: 26-07-2023 17:53:02
സെക്ഷൻ ഓഫീസർ